# മെറാക്കി

2023-24




## ലിറ്റൽ കൈറ്റ്സ്

## സെന്റ് തെരേസാസ് എ ഐ എച്ച് എസ് എസ്
## കണ്ണൂർ

# MESSAGE




I am extremely happy that the Little Kites of our school are publishing a digital magazine titled " Meraki". Let this creative digital work help you to pursue excellence in order to become a true expert in your field. To nurture your creativity, embrace your curiosity. Be open to new experiences, ideas and perspectives. Together you can create something truly remarkable.....

May you have a bright future filled with endless possibilites.

All the best.

Sr.Roshni Manual
Headmistress.

# Note from our Kite Mistress

# Tr Lydia Asha Anandan



Dear Little Kites Club Members,

Its incredible to witness such enthusiasm for technology and learning, through the collective efforts you have taken for preparing this digital magazine. Keep soaring high with curiosity, creativity and collaboration. Embrace challenges as opportunities and let your passion for Information technology shine brightly. Remember, every line of code tells us a story - make yours extraordinary !

Warm Regards

Kite Mistress

Lydia Asha Anandan

# Note from our Kite Mistress

# Tr. Sherry Jose



Dear little Kites Club Members,

I am indeed very happy to extend my heartfelt congratulations on the remarkable achievement of producing our Little Kites magazine.Your dedication,creativity and hardwork have truly shone through in every aspect of this publication.Your commitment to excellence sets a high standard for our school community, and I have no doubt that this magazine will serve as a valuable resource for all. Each line you write, each idea you share adds a new dimension to our IT adventure. Fly high, Little Kites !

Warm regards,

Kite Mistress
Sherry Jose

# EDITORIAL



*We, the students of St Teresa's A.I.H.S.S are excited to publish this magazine on behalf of the Little Kites Club 2022-25.*

*As the Chief editor, I am thrilled to share with you, this incredible magazine "Meraki", which our team has put together, over the last few months.*

*I am proud to tell you, that we have put in the best of our abilities, to publish this magazine in the allotted time span.*

*This digital magazine is a sheer example, that through joint creativity and collaboration, greater results can be achieved .*

*I would like to thank all my friends,who have put in their valuable time and effort, in creating this magazine and fulfilling this dream* .

*I would also like to take this opportunityto thank our teachers, Mrs Sherry Jose and Mrs Lydia Asha Anandan for helping us in compiling this Little Kites magazine and undertaking their huge responsibilies as our Kitemistresses, in the best possible way .*

*Sincerely*,
*Niyathi Rakesh*



# MAGAZINE

# COMMITTEE



**Sherry Jose**



**Lydia Asha Anandan**



**Niyathi Rakesh**



**Adithya Vasudevan E P**



**Abhirami P**



**Amika s Jyothish**



**Isha A**



**Avani N J**

# CONTENTS

CREATIVE EXPRESSIONS

IN

MALAYALAM ENGLISH HINDI

# മലയാളം

കഥ

ശിവഗംഗ ആർ ജൈനി
X A



# അറോമ

അദിതിയും റോഹനും പുതിയ വീട്ടിൽ താമസം തുടങ്ങിയിട്ട് ഒരു ദിവസമേ ആയുള്ളൂ. ആ പ്രദേശത്തെ ഏറ്റവും വലിയ വീട് തങ്ങളുടേതാണല്ലോ എന്നോർത്ത് അവർ സന്തോഷത്തിലായിരുന്നു. ഗൃഹപ്രവേശ ചടങ്ങുകൾ കഴിഞ്ഞ് അതിഥികളൊക്കെ പോയശേഷം പുതിയ വീടിൻ്റെ മുറ്റത്തുനിന്ന് ഒരു സെൽഫി എടുക്കുകയായിരുന്നു ഇരുവരും.

"അതേ.... നമ്മുടെ പുതിയ വീട് മറ്റ് ബന്ധുക്കളുടെ വീടുകളെക്കാളും വലുതാണ് ...ഭംഗിയും ഉണ്ട്....."

റോഹൻ അഭിമാനത്തോടെ പറഞ്ഞു.

"അതുപിന്നെ പറയാനുണ്ടോ ..... നമ്മുടെ വീട് കണ്ടപ്പോ ചിലരുടെ മുഖഭാവം കാണേണ്ടതായിരുന്നു.....പലരും ഞെട്ടി"

അദിതി ഗമയോടെ പറഞ്ഞു.

ഓഫീസിലേയും സുഹൃത്തുക്കളുടെയും വാട് സാപ് ഗ്രൂപ്പുകളിലും സമൂഹമാധ്യമങ്ങളിലും "അറോമ" എന്ന ആ പുതിയ വീട് നിറഞ്ഞു നിന്നു. പോസ്റ്റുകളിലേക്ക് വന്ന കമൻ്റുകൾക്ക് മറുപടി കൊടുത്ത് ഉറങ്ങാൻ കിടന്നപ്പോൾ റോഹൻ അമ്മയെ കുറിച്ച് ചിന്തിച്ചു. "പിന്നേ... നമുക്ക് അമ്മയെ ഇങ്ങോട്ട് കൊണ്ടുവന്നാലോ?"

അയാൾ ചോദിച്ചു. ആ ചോദ്യം കേട്ടപ്പോൾ തന്നെ അദിതിയുടെ മുഖം വാടി. അമ്മ കൂടെയുണ്ടെങ്കിൽ ഇപ്പോഴുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്നവൾ ചിന്തിച്ചു. മാത്രമല്ല ജോലിയും കൂടും.

"അതു വേണ്ട... അമ്മയിവിടെ താമസിച്ചാൽ ശരിയാവില്ല "



അദിതി പറഞ്ഞു.

റോഹൻ ഇഷ്ടക്കേടോടെ അവളെ നോക്കി

"അല്ല... അമ്മയ്ക്ക് ഇവിടെ ബുദ്ധിമുട്ടാകും ....

പുതിയ സ്റ്റൗവും ഓവനും ഒന്നും അമ്മയ്ക്ക് ഓപ്പറേറ്റ് ചെയ്യാൻ അറിയില്ലല്ലോ . "

അദിതി പറയുന്നത് ശരിയാണെന്ന് റോഹനും തോന്നി.

"എന്നാലേ നമുക്ക് ഇനി ഒരു കുഞ്ഞൊക്കെ വേണ്ടേ....?"

റോഹൻ ചോദിച്ചു. അദിതി വീണ്ടും ആലോചനയിലായി.

ഉത്തരവാദിത്തങ്ങൾ കൂടും വീട് അലങ്കോലമാകും , ഫ്രീഡം ഇല്ലാതാകും, സ്വന്തം സ്വപ്നങ്ങളിലേക്കുള്ള യാത്രയ്ക്ക് അതൊരു തടസ്സമാകും എന്നവൾക്ക് തോന്നി.

"അതും വേണ്ട റോഹൻ....ഒരു  കമ്പനിക്കു വേണ്ടിയാണെങ്കിൽ നമുക്ക് ഒരു പെറ്റിനെ കൊണ്ടുവരാം ..dog or cat"

അവൾ പറഞ്ഞു.

"ഏയ് എനിക്ക് പട്ടിയേം പൂച്ചയേം ഒന്നും ഇഷ്ടമല്ലെന്ന് നിനക്കറിയില്ലേ ? അതൊന്നും ശരിയാവില്ല..."

റോഹൻ തീർത്തു പറഞ്ഞു.

വീടിൻ്റെ ഭംഗിയും അച്ചടക്കവും നഷ്ടപ്പെടുത്താതെ മുന്നോട്ട് പോയെങ്കിലും മെല്ലെ മെല്ലെ  രണ്ടു പേർ മാത്രമായുള്ള ജീവിതം മുഷിഞ്ഞു തുടങ്ങിയത് അവർ തിരിച്ചറിഞ്ഞു. വീടിൻ്റെ ചുമരുകളുടെ നിറം മങ്ങിയതുപോലെ ജീവിതത്തിൻ്റെ നിറവും കെട്ടുപോയി .ആ വീടിനിപ്പോൾ എണ്ണയുടെയും കുഴമ്പിന്റെയും മണമാണ്.

"നോക്ക് അപ്പുറത്തെ വീട്ടിലൊക്കെ എത്രയെത്ര

ആളുകളാ .... എന്താ ബഹളം ... ഇവിടേക്ക് വഴിതെറ്റിപോലും കടന്നു വരാൻ ആരുമില്ല "

റോഹൻ പറഞ്ഞു.

അദിതി മറുപടിയൊന്നും പറയാതെ അയൽപക്കത്തെ കുട്ടികളുടെ ശബ്ദത്തിനായി കാതോർത്തു.

പണ്ടത്തെ ആ വലിയ വീട് പുതിയ മറ്റു വീടുകൾക്കിടയിൽ ചെറുതായതുപോലെ അവർക്കു തോന്നി... സ്വന്തം ജീവിതവും.

# മോഹം



**ആൻസിയ ബിനീഷ്, ആറാം തരം.**

എന്റെ മനസ്സിലെ തിരകൾ
കടൽത്തിരപോലെ അല്ല
എന്റെ മനസ്സിന്റെ നോവ്
കടലിന്റെ നോവുകളല്ല
എന്റെ മനസ്സിലെ കുളിര്
കടൽക്കാറ്റ് വീശിയിട്ടല്ല
എന്റെ മനസ്സിലെ കൊട്ടാരം
കടൽ മണൽ കൊണ്ടുള്ളതല്ല
ഞാനെന്നും കാണും കനവ്
കടലോളം ആഴം കവിയും
കടൽ കടന്നെത്തും കഥകൾ
കണ്ണീർ കുടീരങ്ങൾ തീർക്കും
എന്നാലും എന്നുള്ളിലെന്നും
കടലൊരമ്മയെ പോലെ
കടലാഴം മോഹം കവിയാൻ
എന്നും കടലുമ്മവെക്കും
തീരമാവാനെനിക്കേറെ ഇഷ്ടം.

# റേഡിയോ



റിയ ആൻ ഷൈജു
IX D

കുമാരേട്ടന്റെ ചായക്കടയിലേക്ക് ആളുകൾ പാഞ്ഞു വരാൻ തുടങ്ങി.  ആറ്റിൽ ആനയെ കുളിപ്പിച്ചു കൊണ്ടിരുന്ന സുന്ദരൻ വാർത്ത കേട്ടപാടെ ആനയെയും കൂട്ടി പാഞ്ഞു. കാവിൽ തൊഴാൻ പോകാൻ ഒരുങ്ങിയ സുഗന്ധിയും ശാരദയും അവരുടെ സാരിയും പിടിച്ച് കടയിലേക്ക് ഓടി .



ഉറങ്ങിക്കിടന്ന ശ്യാമളൻ പാതി വസ്ത്രത്തിൽ വീട്ടിൽനിന്ന് ചാടിയിറങ്ങി. അപ്പോഴും സുന്ദരൻ ആനയും കൂട്ടി പോവുന്നതേയുണ്ടായിരുന്നുള്ളു .

തയ്യിൽ കടയിലെ പാർവതിയും യശോദയും ഇറച്ചിക്കടയിലെ യോഹന്നാനും സാറാമ്മയും തെങ്ങ് ചെത്തുകാരൻ പപ്പുവും പരിഷ്കാരി അബ്ദുള്ള കുട്ടിയും എന്തിന് അല്ലിപറമ്പ് തറവാട്ടിലെ സുന്ദരിക്കുട്ടിയായ അമ്മിണിയെ പെണ്ണുകാണാൻ വന്നവരും അവരുടെ വണ്ടി നിർത്തി. കുമാരേട്ടന്റെ കടയിലേക്ക് പാഞ്ഞു .കുമാരേട്ടൻ റേഡിയോ ശെരിയാക്കാൻ നോക്കുകയാണ് .റേഡിയോയുടെ രണ്ടു വശങ്ങളിലും മേലെയും

താഴെയും അടിച്ചു .ശരിയായില്ല. പിന്നെയും അതിൻറെ ആൻറിനയിൽ പിടിച്ചു

തിരിച്ചുകൊണ്ടിരുന്നു .

കടയിലെ ആളുകൾആകാംഷാഭരിതരായന്നിരിക്കുന്നത് ഇരിക്കുന്നത് .റേഡിയോ ശരിയാവാൻ എല്ലാവരും ക്ഷമയോടെ കാത്തിരുന്നു.

പെട്ടെന്ന് റേഡിയോയിൽ നിന്ന്, ഇടിവെട്ട് പോലെ ഭൂമിയെ നിശ്ചലമാക്കുന്ന ഇന്ത്യയെ നിശ്ചലമാക്കിയ ശബ്ദം പുറത്തുവന്നു. "ഭായിയോം ഔർ ബഹനോം ,ആജ് ഏക് ശുഭ ഔർ മുബാറക് ദിൻ ഹെ ജോ സ്വപന് ഹംനെ ബർസോം സെ ദേഖാ താ വഹ്  കുച് ഹാമാരെ ആൻഗോം കെ സംനേ ആഗയാ " .

എല്ലാവരുംആർപ്പ്  വിളിക്കാൻ തുടങ്ങി . കുമാരേട്ടൻ ആളുകൾക്ക് മിഠായി വിതരണം ചെയ്തു. എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും ആഹ്ലാദം പങ്കിട്ടു കൊണ്ട് കെട്ടിപ്പിടി സ്വാതന്ത്ര്യ12സമരസേനാനികൾ തിണ്ണയിലിരുന്നു  ആനന്ദ കണ്ണീർ വാർത്തു .അങ്ങനെ നാട്ടു മുഴുവൻ



തങ്ങളുടെ സ്വാതന്ത്ര്യം ആഘോഷിക്കാൻ തുടങ്ങി.

# വായനാശീലം കുട്ടികളിൽ



അംന അഷ്റഫ് കെ പി.
X B

മനസ്സിൻറെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം.ഒരാളിൽ സംസ്കാരത്തിൻറെ പ്രകാശം പരത്താൻ വായന പോലെ മറ്റൊന്നില്ല നല്ല പുസ്തകങ്ങളെ കെടാവിളക്കിനോട് ഉപമിക്കാറുണ്ട് പേര് പോലെ തന്നെ കെട്ടുപോകുന്നതല്ല സദാ വെളിച്ചം തൂക്കി അന്ധകാരത്തെ മാറ്റുന്നത് കൊണ്ടാവാം വിജ്ഞാനികൾ ഉത്തമ പുസ്തകങ്ങളെ കെടാവിളക്കിനോട് ഉപമിക്കുന്നത്.

ഓരോ വ്യക്തിയുടെയും സ്വഭാവരൂപീകരണത്തെ ഏറെ സഹായിക്കുന്നത് നല്ല വായനയാണ്.നല്ലൊരു ജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നത് വായനയാണ് കുഞ്ഞുണ്ണി മാഷ് വായനയെ കുറിച്ച് പറയുന്നതെങ്ങനെയാണ്.

"വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും"

നമ്മുടെ ജീവിതത്തിലെ പ്രധാന ഘടകമാണ് എഴുത്തും വായനയും. അച്ചടക്കവും കർമ്മ തന്റേടവും ഉള്ള ഒരു ജനതയെ വളർത്താൻ വായനയെ പ്രോത്സാഹിപ്പിക്കുക മാത്രമാണ് മാർഗ്ഗം എന്ന് ഗാന്ധിജിയും വിശ്വസിച്ചിരുന്നു.
നമ്മുടെ മഹത്വം മനസ്സിൻറെ ശ്രേഷ്ഠതയാണ്.

നിർക്കശമായ വായന കൊണ്ട് തിളക്കമാർന്ന ഒരു മനസ്സിന്റെ ഉടമയാകാൻ ആവൂ. നല്ല വായനയിലൂടെ മാത്രമേ മനുഷ്യസ്നേഹവും സഹവർത്തിത്വവും മനോഭാവവും ഒരാളിൽ ഉണ്ടാവുകയുള്ളൂ നല്ല പുസ്തകങ്ങൾ ഉറ്റ ചങ്ങാതിമാരെ പോലെ എന്ന് പറയും.

വായനാശീലം കുറെ പ്രായം ആയതിനുശേഷം തുടങ്ങേണ്ട ഒന്നാണെന്ന് കരുതരുത്. ചെറുപ്പകാലം മുതൽ ആരംഭിക്കണം.



വിദ്യാഭ്യാസകാലം തന്നെ വായന തുടങ്ങേണ്ട കാലവും.
വിദ്യാഭ്യാസകാലത്ത് തെരഞ്ഞെടുത്തു വായിക്കുന്ന പുസ്തകങ്ങളിൽ നിന്ന് ലഭിക്കുന്ന അറിവ് പഠനത്തെ പ്രോത്സാഹിപ്പിക്കും കൂടുതൽ അറിയാൻ അറിവ് നിറവാകാൻ വായനാ ഭക്ഷണം പോലെ ശീലമാക്കിയേ മതിയാവൂ.
ഇന്നത്തെ കുട്ടികളിൽ വായനാശീലം വളരെ കുറഞ്ഞതായാണ് കാണപ്പെടുന്നത്. ഒഴിവു സമയങ്ങളിൽ മൊബൈൽ, കമ്പ്യൂട്ടർ, ഇൻറർനെറ്റ് ഗെയിമുകൾ എന്നിവയിലൂടെയാണ് അവർ സമയം പാഴാക്കുന്നത്.
ഇങ്ങനെയുള്ള കുട്ടികളിൽ ഒരുപാട് സ്വഭാവ ദൂഷ്യഫലങ്ങൾ ഉണ്ടാകുന്നു.
അവരുടെ ജീവിത സാഹചര്യങ്ങൾ

മറന്നു മോശം കൂട്ടുകെട്ടുകളിൽ പെടുന്നു. പഠനത്തിൽ താല്പര്യമില്ലാതെ ആകുന്നു. ഒന്നിനും കൃത്യനിഷ്ഠതയില്ലാതെ നാടിനും സമൂഹത്തിനും മോശമായി അറിയപ്പെടുന്നു.

ഇതിനൊക്കെ പരിഹാരമാർഗ്ഗവുമായി എനിക്ക് തോന്നുന്നത് നമ്മുടെ വീടുകളിൽ തന്നെ നല്ല പുസ്തകങ്ങൾ മാതാപിതാക്കൾ കുട്ടികൾക്ക് വാങ്ങിക്കൊടുക്കണം എന്നാണ്. വീടുകളിൽ തന്നെ ഒരു കുഞ്ഞ് ലൈബ്രറി പോലെ ഉണ്ടാക്കി മക്കളെ വായനാശീലം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചരിത്ര കഥകൾ ജീവചരിത്ര കഥകൾ ശാസ്ത്രീയ കാര്യങ്ങൾ എന്നീ പുസ്തകങ്ങൾ കുട്ടികളെ വായിപ്പിക്കണം. കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കാൻ നല്ല പുസ്തകങ്ങൾക്ക് കഴിയും.

വായനാശീലം ഉള്ള കുട്ടികളിൽ എന്ത് കാര്യത്തോടും ധൈര്യമായി നേരിടാനും, എല്ലാത്തിനും ശുഭാപ്തി വിശ്വാസം ഉണ്ടാവാനും, വേദനയിൽ ആശ്വാസം പകരുവാനും, സമൂഹത്തിന് നന്മയുള്ള ഒരു തലമുറയായി വരാനും കാരണമാകും. വായനയിലൂടെയുള്ള വിജ്ഞാനമാണ് പുതിയ തലമുറയ്ക്ക് ചിന്തകളും, ഭാവനകളും, ശക്തിയും നൽകുന്നത്. വായനയില്ലാതെ ജീവിക്കാൻ ആവുകയില്ല.

ഇപ്പോഴത്തെ ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയ വായനയെ കൊല്ലുന്നുവെന്ന് ഒരു അഭിപ്രായം ഉണ്ട്. എന്നാൽ നല്ല വായന ഒരിക്കലും മരിക്കുകയില്ല. യാഥാർത്ഥ്യബോധത്തോടെ വായനാശീലമാക്കുന്നവർ ഇന്നുമുണ്ട്. ഒരു ദിവസത്തെ ദിനചര്യയിൽ വായനയ്ക്ക് വലിയ പ്രാധാന്യം

കുട്ടികളിലും ഇതുപോലെയൊരു ദിനചര്യ കൊണ്ടുവരേണ്ടതുണ്ട്.

അതിനായി കുട്ടികൾക്ക് വിശേഷ ദിവസങ്ങളിൽ സമ്മാനമായി നല്ല പുസ്തകങ്ങൾ നൽകാം, ഒഴിവു ദിവസങ്ങളിൽ അവരെ കൂട്ടി വീടിനടുത്തുള്ള ലൈബ്രറിയിൽ സന്ദർശിക്കാം. ഇതൊക്കെ കുട്ടികളുടെ മനസ്സിൽ വായനയോടുള്ള ഇഷ്ടം ഉണ്ടാക്കി എടുക്കാൻ സഹായകമാണ്.

വായിച്ചു തള്ളാതെ വായിച്ചു കൊള്ളാനാണ് നാം ശ്രമിക്കേണ്ടത്. ഉച്ചത്തിൽ വായിക്കുന്നത് അത്ര നല്ലതല്ല എന്നാണ് പണ്ഡിതന്മാർ പറയുന്നത്. മൗനം വായനയാണ് മനം അറിയൂ എന്നതാണ് വാസ്തവം. സ്നേഹം, ജീവകാരുണ്യം, ധാർമിക ബോധം എന്നീ ഗുണങ്ങൾ വായനയിലൂടെ ലഭിക്കുന്നതാണ്. സംസ്കാരമുള്ള ഒരു ജനത വളരാൻ നല്ല വായന ശീലം കുട്ടികളിൽ ഉണർത്തേണ്ട താണ്.



# നിലാവിൻറെ ഈണം



ആരാധ്യപ്രകാശ് 8 A

വേനൽ നിലാവിൻറെ പാതിരാവിൽ
തെളിയുന്നോരീന്ദ്രജാലം
തിങ്ങിനിറഞ്ഞ ഒരു തേന്മാവിൽ
കൊമ്പിലായ് നിലാവിൻറെ ഈണം
മുഴകിയപ്പോൾ



ഞാനെൻറെ കുഞ്ഞിളം കൈകുമ്പിളി
ചേർത്തൊരു നിലാവിൻ ഇതളുകളാൽ
വിണ്ണിലെ മേഘത്തെ കണ്ടു തുടങ്ങി
അത്രമെലെന്നും നിലാവിന്റെ
ഈണങ്ങൾ





കേട്ട് തുടങ്ങിയരാവുകളി
കാതോർത്തു നിന്നതിൻ മീ
കേട്ടില്ലേ നീ നമ്മുടെ നിലാവി
ഇടിമുഴകമായൊരീണങ്ങൾ
വേനൽ നിലാവിൻറെ പാതിരാവിൽ
തെളിയുന്നൊരീന്ദ്രജാലം.

# സ്ത്രീ ശാക്തീകരണം





തീർത്ഥ ഇ കെ
VIII A

സ്ത്രീ  ശാക്തീകരണം എന്നത് നമുക്ക് എല്ലാം വളരെയേറെ പരിചിതമായ വാക്കാണ്. സമൂഹത്തിലെ പല വേദികളിലും നാം ഇത് കേൾക്കുന്നു. സ്ത്രീകൾ വേണ്ടത്ര ശക്തരല്ല ഇനിയും ശാക്തീകരിക്കപ്പെടേണ്ടതുണ്ട് .എ ന്നാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. സ്ത്രീകൾക്ക് ജോലി ചെയ്യുവാനും സമ്പാദിക്കാനും പുരുഷന്മാർക്ക് തുല്യമായ തീരുമാനങ്ങൾ എടുക്കുവാനും തുല്യ അവസരം നൽകുന്നതിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗ വ്യത്യാസം കുറയുന്നു.

സ്ത്രീ ശാക്തീകരണം എന്തുകൊണ്ട് ആവശ്യമായി വരുന്നു എന്ന് ചോദിച്ചാൽ ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും സ്ത്രീകളോടുള്ള മോശമായി പെരുമാറ്റത്തെ കുറിച്ച് സംസാരിക്കുന്ന ഒരു ചരിത്രമുണ്ട്, എന്നത് ഒരു വസ്തുതയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പല രാജ്യങ്ങളും അവരുടെ സ്ത്രീകളെ ശാക്തീകരിക്കുന്ന കാര്യത്തിൽ ഇപ്പോഴും പിന്നിലാണ്. അവരുടെ ഇഷ്ടത്തിനനുസരിച്ച് ഒരു ബിസിനസോ ഒരു ജോലിയോ ചെയ്യാൻ അവരെ അനുവദിക്കില്ല. അവർ ചെയ്യുന്ന എല്ലാ കാര്യങ്ങളും കുടുംബത്തിലെ പുരുഷന്മാർ അംഗീകരിക്കണം. ഇത്തരം ഒരു സാഹചര്യം തികച്ചും അസ്വികാര്യവും  ഒരു രാജ്യത്തിൻറെ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നതും ആണ്.

സ്ത്രീ ശാക്തീകരണം കൈവരിക്കാൻ പല മാർഗങ്ങളുണ്ട്. സാമ്പത്തികമായി സ്വതന്ത്ര അല്ലെങ്കിൽ ഒരു സ്ത്രീക്കും ശാക്തീകരിക്കാൻ ആകില്ല. സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ള സ്ത്രീകൾ ശാക്തീകരിക്കപ്പെട്ടില്ലെങ്കിൽ സ്ത്രീ ശാക്തീകരണം വിജയിക്കില്ല. പുരാതനകാലങ്ങളിൽ ഇന്ത്യയിലെ സ്ത്രീകൾ വളരെ ബഹുമാനിക്കപ്പെട്ടിരുന്നു. സഹധർമ്മിണി– തുല്യപങ്കാളി എന്നാണ് സ്ത്രീകൾ അറിയപ്പെട്ടിരുന്നത്. ഇന്ത്യയിലെ സ്ത്രീകൾ ബഹുമാനവും വിദ്യാഭ്യാസവും ആസ്വദിച്ചിരുന്നു എന്ന് വ്യക്തമാണ്. കാലക്രമേണ

പാശ്ചാത്യ അധിനിവേശത്തിന് ഫലമായി സ്ത്രീകൾക്ക് ഉണ്ടായിരുന്ന അധികാരവും ബഹുമാനവും നഷ്ടപ്പെട്ടു. തൊഴിലിലും മറ്റു മേഖലകളിലും പുരുഷനെപ്പോലെ സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കാൻ സർക്കാർ സംവിധാനം ഉണ്ടാവണം. സ്ത്രീകൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്കും നല്ല വിദ്യാഭ്യാസം നൽകാൻ പരിശ്രമിക്കണം. ഇതിലൂടെ അവർക്ക് ഫലപ്രദമായ തോഴിൽ ലഭിക്കും. ജീവിതത്തിൻറെ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് അവസരങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടത് സമൂഹത്തിനു ഉത്തരവാദിത്വമാണ്. സ്ത്രീകളുടെ സുരക്ഷയും അവരെ ഉയർച്ചയും സമൂഹത്തിൻറെ ഉത്തരവാദിത്തമായി മാറണം .സമൂഹത്തിലെ എല്ലാ വാതിലുകളും അവർക്ക് വേണ്ടി തുറക്കപ്പെടണ്ണം.

ഇന്ത്യയെ ഒരു മഹാശക്തിയായി വികസിപ്പിക്കുന്നതിനുള്ള സ്ത്രീകളുടെ വികസനം വളരെ പ്രധാനമാണ്. വനിതാ സംവരണം ഒരു നിയമമായി മാറിയത് സ്ത്രീ ശാക്തീകരണത്തിന്  ഒരു വലിയ മുതൽക്കൂട്ടാകും എന്ന് വിശ്വസിക്കുന്നു. ഇന്ത്യൻ പ്രതിരോധ അക്കാദമിയിൽ അടക്കം സ്ത്രീ പ്രവേശനം നിർബന്ധമാക്കിയത് ഒരു ചുവട് മാറ്റമായി കണക്കാക്കാം.



## ആകാശം

ഇഷാനി റിജേഷ്
VIII B

നിന്നിൽ ഞാൻ നോക്കി നിൽക്കുമ്പോൾ
എന്നുള്ളിലെ അല്ലലകളും ,നഷ്ടങ്ങളും ഞാൻ മറക്കുന്നു.
എന്നും എനിക്കൊരു കൂട്ടായി ഏതു നേരത്തും,
വാസരമാണെങ്കിൽ സൂര്യനിലൂടെ നീ എന്നെദ്യോതിപ്പിക്കുന്നു
നിശയിൽ തമസ്സിന്റെ മൂകതയിലും,
നിന്റെ കൗമുദിയിലൂടെ എൻറെ വഴികൾ തടസ്സമില്ലാതെയായി.
എന്തൊരു സുഭഗയാണ് നീ
എൻ പ്രിയ ആകാശമേ.....

നീണ്ടു കിടക്കുന്ന നിന്റെ ഈ വിസ്മയ ലോകം
എനിക്കൊന്നു ദർശിക്കണം,
പ്രപഞ്ചത്തിലെ ഏറ്റവും നിതാംഗിയുള്ള ഇടം.
കളങ്കത്തെയെല്ലാം എല്ലാം നിൻ ദ്യുതിയിലൂടെ
നീ ഈ ഉലകത്തിന് കാട്ടിക്കൊടുക്കു.
സത്യത്തെ നിൻ ആയുധമാക്കി.
എന്റെ പ്രതീക്ഷയുടെ അടയാളമേ
ഇത്രയും കാലം എന്റെ കൂടെ നിന്നതിൽ ഞാൻ നിന്നോട് നന്ദി പറയുന്നു.
എൻറെ ആകാശമേ....... പ്രപഞ്ച വിസ്മയമേ......

# അതൊരു സ്വപ്നമായിരുന്നെങ്കിൽ. ....,



ആവണി എൻ ജെ 9 B

നേരം പുലർന്നതറിയിക്കാൻ തന്റെ മധുരമൂറുന്ന ശബ്ദം പുറപ്പെടുവിക്കുന്ന ചെറുതും വലുതും ആയിട്ടുള്ള കിളികളും ജനൽ പാളികളിലൂടെ കടന്നുവന്ന് മുഖത്തെ തലോടി ഉണർത്തുന്ന സൂര്യരശ്മികളും അതോടൊപ്പം നേരെ ഏറെയായിട്ടും എഴുന്നേൽക്കാത്തതിന് ശകാരിക്കുന്ന അമ്മയുടെ ദേഷ്യവും എന്നാൽ അല്പം നേരത്തിനുള്ളിൽ വാത്സല്യ പരിണാമം സംഭവിപ്പിക്കാൻ തുടിക്കുന്ന അമ്മ മനസ്സും....... എത്ര മനോഹരമായ പുലരികൾ. ഇവയ്ക്കെല്ലാം എന്ത് സംഭവിച്ചു എന്ന് അവനെ എത്ര ചിന്തിച്ചിട്ടും ഒരു പിടിയും കിട്ടുന്നില്ല. എത്ര സന്തോഷകരമായ ജീവിതമായിരുന്നു അവന്റേത് . ആരും ആഗ്രഹിക്കുകയും അസൂയപ്പെടുകയും ചെയ്തുപോകുന്ന ഒരു ജീവിതം– ഇതിനേക്കാൾ തൊമ്മിയുടെ ജീവിതത്തെ വിവരിക്കാൻ മറ്റു വാക്കുകൾക്കൊന്നും തന്നെ സാധ്യമല്ല. സ്നേഹം എങ്ങനെയാവണം എന്നതിന്റെ ജീവിച്ചിരിക്കുന്ന മാതൃകയാണ് അവൻറെ മാതാപിതാക്കൾ. സന്തുഷ്ട കുടുംബം.

എന്നാൽ വെളിച്ചത്തെ മായ്ക്കാൻ ഇരുട്ടിന് അധികം സമയം ആവശ്യമില്ലല്ലോ. ജോലിസംബന്ധമായ ആവശ്യത്തിനായാണ് അവർ നാട്ടിൽ നിന്നും പാലസ്തീനിയിലേക്ക് ചേക്കേറിയത്. കൊച്ചു തൊമ്മിക്ക് അതിനാൽ തന്നെ നാടിനെ പറ്റി വലിയ ഓർമ്മകൾ ഒന്നും ഉണ്ടായിരുന്നില്ല. വളരെ സന്തോഷകരമായി പോയിക്കൊണ്ടിരുന്ന ആ കുടുംബത്തിന്റെ മേൽ ഒരു വലിയ കാർമേഘം വന്നു കൂടി യുദ്ധത്തിൻറെ രൂപത്തിൽ. അവിടമാകെ ഭീതി പടർന്നു. മനുഷ്യർ നെട്ടോട്ടം ഓടി. എന്ത് ആരെന്നു എന്തെന്നോ ആർക്കും നിശ്ചയമുണ്ടായിരുന്നില്ല . തൊമ്മിയുടെ വീട്ടിലും ഭയം കയറി കൂടിയിരുന്നു.

ഒരു ദിവസം രാത്രി തൊമ്മി ഉറങ്ങുകയായിരുന്നു. പെട്ടെന്ന് ഭീകരമായ ഒരു ശബ്ദം കേട്ട് അവൻ ഞെട്ടി ഉണർന്നു. അവൻ പേടിയോട് കൊച്ചു കൊച്ചടികൾ മുന്നോട്ടുവച്ചു. വീണ്ടും



വീണ്ടും ആ സ്ഫോടന ശബ്ദം അവന്റെ കാതിൽ മരണമണി പോലെ മുഴങ്ങി. അടുത്ത നിമിഷം അവൻ വീടിനു പുറത്തേക്ക് തെറിച്ചുവീണു. ബോധം തിരിച്ചു ലഭിച്ചപ്പോൾ തൊമ്മിയെ എതിരേറ്റത് മനം നുറുങ്ങുന്ന ഒരു കാഴ്ചയാണ്. അവൻ നല്ല നല്ല ഓർമ്മകൾ സൃഷ്ടിച്ച

അവൻറെ വീട് പൊട്ടിപ്പൊളിഞ്ഞത് കുന്നു കണക്ക് കുമിഞ്ഞു കിടക്കുന്നു. ബോധം തിരിച്ചു ലഭിച്ച അവൻറെ കാലുകൾ പിൻവാങ്ങി. അവൻ അവൻറെ മുട്ടിൽ വീണു പൊട്ടിക്കരഞ്ഞു. എന്നാൽ പെട്ടെന്നാണ് അവൻറെ മാതാപിതാക്കളെ പറ്റിയുള്ള ചിന്ത അവന് വന്നത്. അവൻ വെപ്രാളത്തിൽ ചുറ്റും നോക്കി. അവരുടെ പേര് അവൻ അലറി വിളിച്ചു. നിമിഷനേരത്തിനുള്ളിൽ രക്ഷാപ്രവർത്തകർ എത്തിച്ചേർന്നു. കുഞ്ഞുതൊമ്മിഅവരുടെ അടുത്തേക്ക് പാഞ്ഞു വന്നു. ഓടിയതിനാൽ അവൻ വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. അതിനാൽ അവൻ പറയുന്നത് ആർക്കും മനസ്സിലായില്ല. അവർ തൊമ്മിയെ സമാധാനിപ്പിച്ചു കുറച്ചു വെള്ളം നൽകി കാര്യം തിരക്കി. തൊമ്മിയെല്ലാം  എല്ലാം അവരോട് പറഞ്ഞു. രക്ഷാപ്രവർത്തകർ കോൺക്രീറ്റ് കട്ടകൾ ഒന്നൊന്നായി മാറ്റി തുടങ്ങി. കുറച്ചുനേരത്തിനുശേഷം ഒരു ഘട്ടമാറ്റിയ വിടവിലൂടെ അവൻ അവന്റെ അമ്മയുടെ കൈ കണ്ടു. അവൻ അവൻറെ അമ്മയെ ഉച്ചത്തിൽ വിളിച്ചു കൊണ്ട് അവിടേക്ക് ഓടി.  2-3കട്ടകൾ കൂടി മാറ്റിയപ്പോൾ അവൻ കാണുന്നത് അവൻറെ അച്ഛൻറെയും അമ്മയുടെയും അനക്കമില്ലാത്ത ശരീരമാണ്. അവൻ സ്വബോധം നഷ്ടപ്പെട്ട

നിലം പതിച്ചു.
അവൻ കണ്ണു തുറന്നപ്പോൾ ആശുപത്രി കടക്കയിലായിരുന്നു. ഏറ്റവും ആദ്യം അവൻ ചോദിച്ചത് അവൻറെ മാതാപിതാക്കളെ പറ്റിയാണ്. എന്നാൽ തൊട്ടടുത്ത നിമിഷം തൊമ്മിയെ  എതിരേറ്റത് അവരുടെ ചേതനയേറ്റ വെള്ളപ്പൊതിപ്പിച്ച ശരീരമാണ്. അവൻ നിശ്ചലം ആയിരുന്നു. അവൻറെ ചിന്തകൾ എല്ലാം രണ്ടു വാക്കുകളിലേക്ക്  ഒതുങ്ങി.........

"അതൊരു സ്വപ്നമായിരുന്നെങ്കിൽ........."

# മദ്യമെന്ന മൂധേവി



- റിഷിക കെ പി
10 B

മനുഷ്യോൽപത്തി
തൊട്ടുലകത്തിൽ വൃഥാ
മദ്യപാനത്തെ വിലക്കി വിവേക്കൾ
മദിക്കുന്നു മത്തരായ്
മദനാർത്തരായ്
മദ്യം സദാ സമസ്യയായ്
മാനുഷ്യകം.
മദ്യം ദേവാർപ്പണം മധുവായ്
മണ്ടന്മാർ!

മധുവൈരിയാം ദേവൻ
മധുപായിയോ?
മനീഷിയായ് നടിക്കുന്ന
മൂഢദൈ
വഞ്ചർ!




മലിമന ബോധനം
സാധുമർത്ത്യരിൽ.
മാവേലിയിൽ നീണ്ടനിര
വല്ലപ്പോഴും-
മാസത്തിൽ ഒന്നോ രണ്ടോ ദിവസം
മാത്രം.
മദ്യഷോപ്പിൽ നീണ്ടനിര
എന്നുമെന്നും
മദ്യാഹ്ന നേരവും പോളിംഗ്
ബൂത്തുപോൽ. മൃത പ്രായരായ്
ബാല്യ, കൗമാര,
വൃദ്ധർ

മൃഗീയ വിനോദമായനാശാസ്യവും.
മുട്ടാളർ!
വിപസ്ഥരായ്മുഷ്ടിയുദ്ധവും.

മർക്കടമുഷ്ടിയും ദാമ്പത്യ ശണ്ഠയും.
മദ്യക്കുപ്പികൾ വഴിയോരക്കാഴ്ചകൾ



മത്തരായ് നഗ്നർ
ഇഴയുന്ന
റോഡുകൾ
മേത്തരം
ബാറുകൾ
നഗരത്തിൽ പ്രൗഢിയായ്
മേൽക്കുമേൽ നികുതികൾ
ഖജനാവിലും.

മംഗല്യസൂത്രം പണമായ് മദ്യപർ!

മാദകഗന്ധികയിൽ ശരണാർഥികൾ
മദ്യം
നയിക്കുന്ന നീതിയാൽ മാനവർ
മരാളന്റെ
കയ്യിലെ കുഞ്ഞിരാമൻമാർ!
മദ്യം വിഷമെന്ന ഗുരുദേവ ! വാദം
മാനനീയമെങ്കിലും മൗനികൾ
മർത്യർ.
മാതൃത്വത്തിനും മാനഹാനിയായ്
മദ്യം
മാരക മഹാമാരി മഹീതലത്തിൽ.






# ബെന്യാമിന്റെ മഞ്ഞവെയിൽ മരണങ്ങൾ

- സാധിക രതേഷ്
8-D

യാദൃശ്ചികത്ത്വന്റെയും യഥാർത്ഥ്വത്തിന്റെയും ഇടയിൽ സഞ്ചരിക്കുന്ന ജീവിതത്തിൽ ഒരു നേർക്കാഴ്ചയാണ് ബെന്യാമിന്റെ 'മഞ്ഞവെയിൽ മരണങ്ങൾ' എന്ന നോവൽ.തങ്ങൾക്കു ചുറ്റുലും നടക്കുന്ന അനീതികളും ദുഷ്പ്രവർത്തികളും കണ്ടില്ലെന്ന് നടിക്കുന്ന സമൂഹത്തെ ആശ്ചര്യത്തോടെ വീക്ഷിക്കുന്ന,അവയുടെ കാരണങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന ഒരു ശക്തമായ കഥാപാത്രമാണ് ക്രിസ്റ്റി അന്ത്രപ്പേർ എന്ന യുവാവ്.

ഡീഗോ ഗാർഷ്യ എന്ന ദ്വീപിലെ പേരുകേട്ട രാജകീയ കുടുംബമായ അന്ത്രപ്പേർ കുടുംബത്തിന്റെ അവസാന പ്രതീക്ഷ.നഷ്ടമായ പ്രഭാവങ്ങൾ അവർക്ക് തിരികെപ്പിടിക്കാൻ സാധിക്കുന്നില്ലെങ്കലും,അവരുടെ നിറംമങ്ങാത്ത വീരഗാഥകൾ ഒരു എഴുത്തുകാരനാവുക എന്ന സ്വപ്നം അവനിൽ നിന്നും പതിയെ അകലുന്നു.യാദൃശ്ചികമായി തന്റെ ബാല്യകാല സഹപാഠി ഒരു പൊതുസ്ഥലത്ത് വെടിവെപ്പിൽ കൊല്ലപ്പെടുമ്പോൾ ചുറ്റും

കൂടിനിന്ന ആരും ഒന്നും സംഭവിക്കാത്ത മട്ടിൽ നിൽക്കുന്നത് നിൽക്കുന്നത് കാണാൻ അവൻ ഇടയാക്കുന്നു. ഈ അന്വേഷണം അവന്റെ ജീവിത സംഘർഷങ്ങൾ കൂട്ടുന്നു.

ഒടുവിൽ എവിടെയും എത്തിനിൽക്കാത്ത ഈ അന്വേഷണം തെളിവുകളുടെ അഭാവം മൂലം അവസായിക്കുന്നു. ജീവിതത്തിൽ പരാജയപ്പട്ടവനെ പോലെ അവൻ തെരുവിൽ അലയുന്നു.തന്നോട് സ്നേഹത്തോടെ പെരുമാറിയവർ തനിക്കെതിരെ തിരിയുന്നതുമെല്ലാം അവനെ തളർത്തുന്നു.

ഒടുവിൽ അവന്റെ ഈ ജീവിതകഥ തേടിപോയ കഥാകൃത്ത് മെൽവിന്റെ വോല്ലേടത്ത് വീടിന്റെ ചരിത്രത്തിന്റെ നിഗൂഢതകളുടെ ചുരുൾ അഴിക്കുന്നു. കഥാകത്തിന്റെ സൗഹൃദ കൂട്ടായ്മയും ഈ ദൗത്യത്തിൽ അദ്ദേഹത്തെ സഹായിക്കുന്നു.

ആഗ്രഹിച്ച നോവൽ എഴുതി തീരാതെ,അത് പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്ന ക്രസ്റ്റിയുടെ ജീവിതം ബാക്കി നിൽക്കുമ്പോഴും,അനീതിക്കും അധർമ്മത്തിനും എതിരായ ശബ്ദമുയർത്താൻ മടിക്കാത്ത കരുത്തുറ്റ കഥാപാത്രമായി അവൻ വായക്കാരുടെ മനസ്സിൽ നിലകൊള്ളുന്നു.പ്രതികരിക്കാൻ ഭയക്കുന്ന സമൂഹത്തിന് പ്രചോദനമാണ് ഈ കഥയും കഥാപാത്രവും.

യാത്രാനുഭവം



# ബുർജ് ഖലീഫ

**ആദ്യാ ബിജേഷ്**
IX A

'വിസ്മയം' എന്നത് കേട്ടതേയുള്ളു. ദാ കണ്ടു. കണ്ണിനു കുളിർമയേകുന്ന ആ അത്ഭുതം.

വേനലവധിക്ക് ഞാനും അമ്മയും അച്ഛന്റെ അടുത്ത് ദുബായിൽ പോയിരുന്നു. ഏറെ ആഗ്രഹിച്ച ഒരു യാത്രയായിരുന്നു അത്.

ദുബായിൽ ഒരുപാട് സ്ഥലങ്ങൾ സന്ദർശിച്ചെങ്കിലും മനസ്സിനും കണ്ണിനും ഒരേപോലെ ആഹ്ലാദപൂർണ്ണമായ ഒരു കെട്ടിടമായിരുന്നു അത്.'ബുർജ് ദുബായ് ',അല്ല 'ബുർജ് ഖലീഫ'. 'ബുർജ് ദുബായ്' 'ബുർജ് ഖലീഫ' ആയതിന്റെ പിന്നിലുള്ള കഥ അച്ഛൻ എനിക്ക് അതിനെ നിരീക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ പറഞ്ഞു തന്നു. അബുദാബിയിലെ മുൻ രാജാവും യുഎഇയിലെ മുൻ രാഷ്ട്രപതിയുമായ ഖലീഫ ബിൻ സായിദ് അൽ നഹ്യാന്റെ ബഹുമാനാർത്ഥമാണ് ഈ കെട്ടിടത്തിന് പേര് നൽകിയിരിക്കുന്നത്. ദുബായ് രാജാവിന് കടം വീട്ടാൻ ഖലീഫ ബിൻ സാഹിദ് പണം നൽകി. കെട്ടിടത്തിന്റെ അവസാന പണിയുടെ അടിസ്ഥാനത്തിലാണ് പണം ആവശ്യപ്പെട്ടത്. അതിന്റെ ഉദ്ഘാടനത്തിനന്ന് ദുബായ് രാജാവ് കെട്ടിടത്തിന് ബുർജ് ദുബായ് എന്ന നാമമാണ് ഇടാൻ പോയത്. ഖലീഫ രാജാവിന്റെ സഹായത്തിൽ പണിപൂർത്തിയാക്കിയതുകൊണ്ട് ദുബായ് രാജാവ് ബുർജ് ഖലീഫ എന്ന നാമം കെട്ടിടത്തിന് നൽകി.



ഏകദേശം '21 കിലോമീറ്റർ' ദൂരെയുള്ള ഞങ്ങളുടെ ഫ്ലാറ്റിൽ നിന്നും ബുർജ് ഖലീഫ എനിക്ക് കാണാൻ സാധിച്ചു. '828 മീറ്റർ' ഉയരമുള്ള ഈ കെട്ടിടം ഇന്നുവരെ നിർമ്മിച്ചിട്ടുള്ള മനുഷ്യനിർമ്മിതികളിൽ ഏറ്റവും ഉയരം കൂടിയതാണ്. 95 കിലോമീറ്റർ ദൂരെ നിന്നും ഇത് കാണാൻ സാധിക്കും.

ദുബായിലെ ഓരോ സ്ഥലങ്ങളിലും നിന്ന് ഒരു നേർരേഖയായെങ്കിലും ബുർജ് ഖലീഫ കാണാൻ സാധിക്കും. ഏകദേശം ഏഴുമണിയോടെയാണ് ഞങ്ങൾ ദുബായ് മാളിനടുത്ത് സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിനരികിൽ എത്തിച്ചേർന്നത് കണ്ണിന് വിശ്വസിക്കാൻ പറ്റാത്തത്ര ഉയരം. സന്ദർശകരെ വരവേൽക്കാൻ എന്നതുപോലെ വിവിധതരത്തിലുള്ള ലൈറ്റുകളാൽ മിന്നിത്തെളിയുന്നു. താങ്ങുകളില്ലാത്ത ഉയരം കൂടിയ കെട്ടിടം. അതിന്റെ സൗന്ദര്യം കണ്ട് എനിക്ക് അതിനുമേൽനിന്ന് കണ്ണെടുക്കാൻ തോന്നിയില്ല.

ഓരോ അരമണിക്കൂർ കൂടുമ്പോഴും അതിന്റെ താഴെ വാട്ടർ ഫൗണ്ടൻ ഉണ്ടാവാറുണ്ട്.പാട്ടിൻറെ താളത്തിൽ അത് നിർത്തം ചെയ്യുന്നത് കാണാൻ എന്തു ഭംഗിയായിരുന്നു. സംഗീതവും വെളിച്ചവും നിറഞ്ഞ കാഴ്ചയായിരുന്ന അത്. അറബി ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നു അതിന്റെ പശ്ചാത്തല സംഗീതം. എനിക്ക് അറബി പാട്ടായിരുന്നു കൂടുതൽ ഇഷ്ടം ആയത്.

കത്തിയുരുകുന്ന സൂര്യകിരണങ്ങളിലും നിലാവെളിച്ചത്തിലും 'ബുർജ് ഖലീഫ' രണ്ടുതരത്തിലുള്ള സൗന്ദര്യമാണ് കൈവരിക്കുന്നത്. ഒരു നേർസൂചി ആകാശത്തു മുട്ടുന്നത് പോലെ എനിക്ക് തോന്നി. അതിനടുത്തുള്ള ദുബായ് മാളും മറ്റു കെട്ടിടങ്ങളും സേവകരായി നിൽക്കുന്നതുപോലെയുണ്ടായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ മാളും ഏറ്റവും ഉയരം കൂടിയ കെട്ടിടവും മുഖാമുഖം നോക്കിനിൽക്കുന്നു. ജീവിതത്തിൽ ഒരിക്കലെങ്കിലും പോയി കാണേണ്ട ഒരു കാഴ്ച തന്നെയാണത്. ബുർജ് ഖലീഫയിൽ നിന്ന് അകലുംതോറും എന്റെ മനസ്സ് ആഹ്ലാദത്തിൽ നിന്നും വിജനമായി മാറിക്കൊണ്ടിരുന്നു. മനസ്സിന് സന്തോഷവും അത്ഭുതവും നിറച്ചുതന്ന ഈ സുന്ദരമായ കെട്ടിടത്തെ ഒരിക്കലും മറക്കാനാവില്ല.

# എന്റെ സ്വപ്നം



ആദ്യാ കെ
VIII D



സ്വപ്നമാണെൻ ജീവിതം നയിക്കുന്ന
ജീവവായു. എൻ അമ്മയെപ്പോലെ
ഞാൻ ചേർത്തുനിർത്തുമെൻ സ്വപ്നം
എൻ സ്വപ്ന നക്ഷത്രത്തെ തൊട്ടുവാൻ
ഞാൻ കയറുന്നു ഓരോ പടികളും ഓരോ
നിമിഷവും അരുണോദയം മുതൽ
വാനിൽ വെള്ളിനക്ഷത്രം വിതറുന്നതുവരെ
ഞാൻ തുടരുന്നു എൻ പ്രയത്നം
എന്റെ സ്വപ്നത്തിൽ എത്തുവാൻ പലരെ
വെടിഞ്ഞതും, ചിലരെ ചേർത്തതും
ഓർക്കുന്നു ഞാൻ എൻ ജീവിതപാതയിൽ
എന്നാൽ ഒരുനാൾ ഞാൻ എൻ ലക്ഷ്യത്തി-
ലെത്തുമ്പോൾ ഒരു നിഴൽപോലെ കൂടെ
ഉണ്ടാകും ഞാൻ വെടിഞ്ഞവരും ചേർത്ത്
നിർത്തിയവരും. ഏത് പ്രതിസന്ധിയിലും
കൈവെടിയില്ല ഞാൻ എന്റെ സ്വപ്നം
അത് കൈവരിക്കുന്നത് വരെ തുടരും
ഞാൻ എൻ പ്രയത്നം. സ്വപ്നമാണെൻ
ജീവിതം നയിക്കുന്ന ജീവവായു. എൻ
അമ്മയെപ്പോലെ ഞാൻ ചേർത്തു
നിർത്തും എൻ സ്വപ്നം.



# പെൺമക്കൾ



ഫാത്തിമ.പി.ൻ
X B

ഒരു നവ മാസമായ് താലോലമാർന്ന
കാത്തിരിപ്പിന്നന്ത്യമായന്ത്യമായ്
കുഞ്ഞിക്കാലടിയാദ്യമായ് കണ്ടതി
ലമ്മയാഹ്ലാദ ചിത്തയായി
പേർത്തും, പേർത്തും നാല്
പൊൻമുത്തുകൾ
തൻ കൈകളിൽ
താലോലമായയാലോലമായിക്കളിച്ചും
ചിരിച്ചും
ജീവന്റെ ജീവനായി തീർന്നു
കുഞ്ഞിപ്പാദങ്ങൾ ഊന്നിയൂന്നി മണ്ണിന്റെ
മാറിൽ തത്തി നടന്നു
അമ്മ തന്നോമന കുരുന്നുകൾ നാലും
മുത്തു മണികൾ
കാലമാം ചിത്രകാരൻ തൻ ചായക്കൂട്ടുകൾ
വാരിവിതറിയ ചിത്രമായ് പാറിപ്പറന്നു...
കുടിലതയേറും നാടിന്റെ മൈദാനമൊ-
ന്നിലോടികളിച്ചീടുമാനൊരിടം
തേടിയൊരുടെ സൗന്ദര്യം ശാപമായി
എന്തിനീ കാട്ടാളൻ ക്രൂരത കാട്ടുന്നു പെൺ
മക്കളാണെന്നതിനാലോ
പെൺമക്കൾ പൊന്നാണെന്ന – തോർത്ത്
വച്ചീടുവാൻ എന്തെ പഠിക്കാത്തത്
പെൺമക്കളാണിന്നു നന്മ വിതറുവാൻ
ലോകത്തിനുച്ചിയിൽ ജയ
ഭേരിമുഴക്കുവാൻ
കടലിൻ നടുവിലായ് നങ്കൂരമൊന്നിടാൻ
പെൺമക്കളുണർന്നിരുന്നീടുന്നു.



# 2023ലെ പ്രധാന ശാസ്ത്രനേട്ടങ്ങൾ

നേഹ സുരേഷ്
X B

മനുഷ്യൻറെ ഭാവിയെ തന്നെ മാറ്റിമറിക്കുന്ന വമ്പൻ നേട്ടങ്ങളുടെ ഒരു വർഷമായിരുന്നു 2023. ലോകത്തെ പ്രധാന രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയും ശാസ്ത്രനേട്ടങ്ങൾ എത്തിപ്പിടിച്ച ഒരു വർഷം കൂടിയാണ് കടന്നുപോയത്.

ഇന്ത്യൻ ശാസ്ത്രനേട്ടങ്ങളിൽ പ്രധാനപ്പെട്ടത് ചന്ദ്രയാൻ മൂന്നിന്റെയും ആദിത്യ L1-ന്റെയും വിക്ഷേപമാണ്. ചന്ദ്രയാൻ മൂന്നിലൂടെ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ പേടകം ഇറക്കുന്ന ആദ്യ രാജ്യമായും ചന്ദ്രോപരിതലത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തുന്ന നാലാമത്തെ രാജ്യമായും ഇന്ത്യ മാറി. 2023 ജൂലൈ 14ന് ചന്ദ്രനിലേക്ക് യാത്ര തിരിച്ച് ആഗസ്റ്റ് 23-ന് ദക്ഷിണധ്രുവത്തിൽ ഇറങ്ങി 11 ദിവസം ചാന്ദ്ര പഠനം നടത്തുകയും, ചന്ദ്രനെ ചുറ്റുകയായിരുന്ന പ്രൊപ്പൽഷൻ മോഡ്യൂളിനെ ഭൂമിയുടെ ഭ്രമണപഥത്തിലേക്ക് കൊണ്ടുവരുവാനും ISRO-ക്ക് കഴിഞ്ഞു. സെപ്റ്റംബർ 2ന് വിക്ഷേപിച്ച ആദിത്യL1, സൂര്യനും ഭൂമിക്കും ഇടയിലുള്ള ലഗ്രാഞ്ചെ പോയിന്റെ ഒന്നിൽ നിന്നുകൊണ്ട് സൂര്യനെ സൂക്ഷ്മമായി നിരീക്ഷിക്കുകയാണ് ലക്ഷ്യം.

ലോകത്തെ പ്രധാന ശാസ്ത്രനേട്ടങ്ങൾ നോക്കുകയാണെങ്കിൽ...
1. ഒസിരിസ് റെക്സ് എന്ന പേടകം 101955 ബെന്നു എന്ന ഛിന്നഗ്രഹത്തിൽ നിന്നുള്ള സാമ്പിളുമായി സപ്തംബർ 24ന് വിജയകരമായി ഭൂമിയിൽ തിരിച്ചെത്തി. ഭൂമിയിലെ ജീവന്റെ ഉത്ഭവത്തിലേക്കും, അന്യഗ്രഹജീവന്റെ സാധ്യതയിലേക്കുമൊക്കെയുള്ള രഹസ്യങ്ങളുടെ കുരുക്കഴിക്കുക എന്നതാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം.
2. ജീൻ എഡിറ്റിങ് മുഖാന്തരം കാസ്ഗവി എന്ന ക്രിസ്പർ കാസ് 9 ടൂൾ ഉപയോഗിച്ച് സിക്കിൾസെൽ അനീമിയ, ബിറ്റ തലാസീമിയ എന്നീ ജനിതക അസുഖമുള്ളവരുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ കുറക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി.
3. മനുഷ്യർ തന്റെ ബുദ്ധി ഉപയോഗിച്ച് ചെയ്യുന്ന കാര്യങ്ങൾ AIഉപയോഗിച്ച് ചെയ്യാൻ പറ്റുമെന്ന സാങ്കേതിക വിദ്യയാണ് 2023ൽ ഏറ്റവും ചർച്ച ചെയ്തതും പ്രാവർത്തികമാക്കിയതും. മൊബൈൽ ഫോണുകൾക്ക് പകരം AI ഉപയോഗിച്ചുള്ള AIപിന്നുകൾ വിപണിയിൽ അവതരിപ്പിക്കപ്പെട്ടു. സ്ക്രീൻ ഇല്ലാതെ, ആപ്ലിക്കേഷൻ ഇല്ലാതെ സ്പർശനവും മനുഷ്യ ശബ്ദവും കൊണ്ട് മാത്രം നിയന്ത്രിക്കുന്നതാണ്
AI പിന്നുകൾ.
4. NASA, 2023 ജനുവരിയിൽ ഒരു എക്സോ പ്ലാനറ്റിനെ കണ്ടെത്തി. ജെയിംസ് വെബ് ടെലിസ്കോപ്പ് കണ്ടത്തിയ ഇതിന് LHS 475 എന്ന് പേര് കൊടുത്തു.
5. സൗരയൂഥത്തിൽ ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങൾ ഉള്ള ഗ്രഹം വ്യാഴമാണെന്നും അതിനുചുറ്റും 92 ഉപഗ്രഹങ്ങൾ ഉണ്ടെന്നും കണ്ടെത്തി.
6. ഭ്രൂണ കോശങ്ങളിൽ നിന്നും ഭ്രൂണം വളർത്താം എന്ന് കണ്ടെത്തിയത് 2023 ലാണ്.ആൺ എലിയുടെ കോശത്തിൽ നിന്നും അണ്ഡവും പൂംബീജവും വളർത്തിയെടുക്കുന്നതിൽ ശാസ്ത്രജ്ഞർ വിജയിച്ചു.
7. ബാക്ടീരിയകളെ കൊല്ലാൻ ശേഷിയുള്ള പോളിമാറുകളെ ഒരു കൂട്ടം ശാസ്ത്രജ്ഞർ സൃഷ്ടിച്ചു.

ശാസ്ത്രം വളർന്നുകൊണ്ടിരിക്കുകയാണ്, മാനവരാശിക്ക് ഉപകാരപ്രദമാകുന്ന ഒരുപാട് ശാസ്ത്രനേട്ടങ്ങൾക്കായി നമുക്ക് 2024-നെ വരവേൽക്കാം.

# മുത്തുകളുടെ നഗരത്തിലേക്കുള്ള യാത്ര



വൈഗ രാജു
X B

യാത്രകൾ പകരുന്ന അനുഭൂതി സന്തോഷമുളവാക്കുന്നവയാണ്. അത്തരത്തിലുള്ള പല യാത്രകളും ചെയ്യാൻ അവസരം ഉണ്ടായിട്ടുണ്ട്. യാത്രകളിൽ ഏറ്റവും ഇഷ്ടം ഉള്ളത് എന്താണെന്ന ചോദ്യം പലതവണ കേട്ടിട്ടുമുണ്ട്. എന്നാൽ അതിനുത്തരം ഈയിടെയാണ് കണ്ടെത്തിയത്. ഞാൻ യാത്ര ചെയ്യുന്നത് സന്ദർശിക്കുന്ന പ്രദേശങ്ങളെ അടുത്തറിയാനാണ്. ഇതിനുപുറമേ യാത്രകളെ മനോഹരമാക്കുന്നത് യാത്രികർ കൂടിയാണ്.

അങ്ങനെ വളരെയധികം കൗതുകമുളവാക്കിയ യാത്രയായിരുന്നു ഹൈദരാബാദിലേക്കുള്ള യാത്ര. സാധാരണയായി അച്ഛനും അമ്മയും അനുജത്തിയും ഞാനും അടങ്ങുന്ന കൊച്ചു കുടുംബത്തിൽ ഒതുങ്ങി കൂടിയതായിരുന്നു നമ്മുടെ യാത്രകൾ. എന്നാൽ ഇപ്രാവശ്യം അത് വളരെ വ്യത്യസ്തമായിരുന്നു. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാത്ര ആയതുകൊണ്ട് പാക്കേജ് ടൂർ സംഘത്തിനോടൊപ്പം ആയിരുന്നു നമ്മുടെ യാത്ര.



ഏപ്രിൽ മാസം അന്തരീക്ഷത്തിലെ ചൂട് അതിന്റെ ഉച്ചസ്ഥായിയിൽ എത്തിനിൽക്കുന്ന സമയമായിരുന്നു നമ്മൾ യാത്ര പുറപ്പെട്ടത്. ട്രെയിൻ യാത്ര വളരെ ഇഷ്ടമുള്ള എനിക്ക് ആദ്യമൊക്കെ വളരെ രസകരമായി തോന്നിയെങ്കിലും, ഒരു ദിവസം ട്രെയിനിൽ ചിലവഴിച്ചപ്പോഴേക്കും മടുപ്പുളവായി. ട്രെയിനിൽ വളരെയധികം യാത്ര ചെയ്തപ്പോഴേക്കും നമ്മളെല്ലാവരും തന്നെ ക്ഷീണിച്ചിരുന്നു. അപ്പോഴാണ് നമ്മൾ ആന്ധ്രപ്രദേശിലേക്ക് പ്രവേശിച്ചത്. കേരളത്തിലെ ചൂട് പോലും അസഹനീയമായ നമുക്ക് അതൊരു ഞെട്ടൽ ആയിരുന്നു. ചൂട് ക്രമേണ കൂടുന്നതിന് പകരം ഇത് വളരെ പെട്ടെന്ന് ഉയർന്നു. താപനിലയെക്കാൾ നമ്മെ അതിശയിപ്പിച്ചത് ഈ കാലാവസ്ഥയിലും അവിടെ നിലകൊണ്ടിരുന്ന കൃഷിയും ജൈവവൈവിധ്യവുമാ-യിരുന്നു. അങ്ങനെ ചൂട് കാറ്റേറ്റ്, തളർന്ന്, ഭക്ഷണം പോലും വേണ്ടാത്ത അവസ്ഥയിൽ ഒടുവിൽ നമ്മൾ ലക്ഷ്യ സ്ഥാനമായ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു. അവിടുന്ന് ഹോട്ടൽ റൂമിൽ ചെന്ന് കുറച്ചു വിശ്രമിച്ചതിനുശേഷമായിരുന്നു തുടർ യാത്ര. ആദ്യമായി സന്ദർശിച്ചത് രാമോജി ഫിലിം സിറ്റിയായിരുന്നു. മോശപ്പെട്ട കാലാവസ്ഥയിലും ആ അനുഭൂതി വളരെ വേറിട്ടതായിരുന്നു. ഇന്ത്യയിലെ പല പ്രശസ്ത സിനിമകളും (ബാഹുബലി) അവിടെ കൃത്രിമ സെറ്റ് നിർമിച്ചായിരുന്നു ഷൂട്ടിംഗ് നടത്തിയത്. വളരെ മനോഹരമായ പൂന്തോട്ടങ്ങളും മറ്റു ചില കൃത്രിമ നിർമ്മിതികളും പാർക്കുകളും സിനിമ നിർമിതിയുടെ ക്ലാസുകളും അങ്ങനെ പലതും അവിടെയുണ്ടായിരുന്നു. സന്ദർശകരായി ലോകത്ത് അങ്ങോളം ഇങ്ങോളം ഉള്ള സഞ്ചാരികളും.

തുടർന്ന് രണ്ടു ദിവസം നാം പൂന്തോട്ടങ്ങളും അവിടുത്തെ ആഭ്യന്തര മന്ദിരവും എല്ലാം സന്ദർശിച്ച് യാത്രതിരിച്ചു. വീട്ടിൽ തിരിച്ചെത്തിയപ്പോൾ എന്തെന്നില്ലാത്ത ആശ്വാസം അനുഭവപ്പെട്ടെങ്കിലും യാത്രയെക്കുറിച്ച് ആലോചിക്കുമ്പോൾ എന്നും മനസ്സിൽ കുളിർ നിറയും. ഹൈദരാബാദിലെ മറ്റു പ്രദേശത്ത് നിർമ്മിതികളായ ചാർമിനാർ, ഗോൾകൊണ്ട ഫോർട്ട് എന്നിവയും അതിന്റെ ചാരുതയാൽ നമ്മുടെ മനം കവർന്നു.

# ജീവിതം എന്ന അമൂല്യ സമ്പത്ത്



വൈഷ്ണവി.എസ്
IX A

നമുക്ക് ദൈവം തന്ന അമൂല്യ സമ്മാനമാണ് ജീവിതം. ജീവിതം സുന്ദരമാണ്, പക്ഷെ നമ്മൾ പലപ്പോഴും ജീവിതത്തിനു അതിന്റേതായ മൂല്യം നൽകാറില്ല. ജീവിതത്തിൽ നമുക്ക് ലഭിക്കാത്ത സുഖങ്ങളെ പറ്റി ആലോചിച്ച് വിഷമിക്കുന്നു. ഈ നിമിഷം ഈ ഭൂമിയിൽ ജീവിക്കാൻ കഴിയുന്നതു തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹം.



